LIBRARY ARCHIVES Kerala Legislative Assembly

### പോലീസ് സബ് ഡിവിഷൻ ആഫീസ്

85 (86) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായ പാപനാശം ഉൾപ്പെടുന്ന വർക്കല ശിവഗിരിയിൽ പുതിയ താലൂക്ക് അനുവദിച്ച സാഹചര്യത്തിൽ കേരള പോലീസിന്റെ ഒരു സബ് ഡിവിഷൻ (Dy.S.P ആഫീസ്) ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആഫീസിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; ആയത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ&ബി) വർക്കല കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷൻ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ അനുമതി നൽകിയില്ല.

### തെരഞ്ഞെടുപ്പുദിവസം നടന്ന ആക്രമണം

86 (87) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിലേക്ക് 2016 മെയ് 16-ന് നടന്ന തെരഞ്ഞെടുപ്പ് ദിവസം ഉദുമ നിയോജകമണ്ഡലത്തിലെ തെക്കിൻപറമ്പ് യു. പി. സ്കൂളിൽ വച്ച് എൽ. ഡി. എഫ്. സ്ഥാനാർത്ഥിയുടെ ചീഫ് ഏജന്റും മുൻ ഉദുമ എം.എൽ.എ. യുമായിരുന്ന ശ്രീ. കെ. വി. കുഞ്ഞിരാമനേയും എൽ.ഡി. എഫ്. ബൂത്ത് ഏജന്റ് മാരെയും ആക്രമിച്ച് പരുക്കേൽപ്പിക്കുകയും റിട്ടേണിംഗ് ഓഫീസറുടെ അനുമതിയോടെ ഇലക്ഷൻ ദിവസം ചീഫ് ഏജന്റ് ഉപയോഗിച്ചിരുന്ന സ്ഥലം എം.എൽ.എ.-യുടെ KL60C-8787 വാഹനവും പോലീസ് വാഹനവും അടിച്ച് തകർക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇനി എത്ര പേരെ പിടികൂടാനുണ്ട്; ഇതിൽ ബാങ്ക് ജീവനക്കാരായ ഉദ്യോഗസ്ഥരുണ്ടോ ;വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മുൻ എം.എൽ.എ. നൽകിയ പരാതിയിൽനിന്ന് ഏതെങ്കിലും വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം എന്താണ്;

(ഇ) യു. ഡി. എഫ്. ഇലക്ഷൻ കമ്മിറ്റി ഓഫീസിനടുത്തു നടന്ന ഈ ആക്രമണ സംഘത്തിലെ ഗൂഢാലോചനക്കാരെയും കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 199/2016 u/s. 143, 145, 147, 148, 323, 324, 326, 332, 253, 294(b), 506(ii), 452, 427 r/w 149 IPC & Sec. 3(1) of PDPP Act.

2. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 211/2016 u/s. 143, 147, 148, 341, 324, 326 r/w 149 IPC.

ടി കേസുകളിലെ പ്രതികളുടെ പേരുകൾ താഴെ പറയുന്നു.

(1) മണികണ്ഠൻ, (2) ബാബു, (3) പ്രദീഷ്, (4) രാജീവ്, (5) സുനിൽ പൊയിനാച്ചി, (6) ഉമ്പായി, (7) അസ്കർ, (8) കരീം, (9) അജിത്ത് പൊയിനാച്ചി, (10) കുഞ്ഞികൃഷ്ണൻ, (11) ഉണ്ണികൃഷ്ണൻ, (12) പ്രഭാകരൻ, (13) രാജേന്ദ്രൻ, (14) ഖാലിദ്, (15) രതീഷ് ബർക്കക്കോട്, (16) ഹരികൃഷ്ണൻ, (17) സിദ്ദിഖ്, (18) ശശിധരൻ, (19) മജീദ്, (20) പ്രദീപ് കുമാർ, (21) വിനോദ് കുമാർ, (22) മണി ചട്ടഞ്ചാൽ, (23) രാമകൃഷ്ണൻ, (24) അരവിന്ദാക്ഷൻ, (25) അബ്ദുൾ ജലീൽ, (26) രാധാകൃഷ്ണൻ, (27) കുമാരൻ, (28) ഇസ്മയിൽ, (29) പ്രവീൺ തുടങ്ങി 100-ഓളം ആൾക്കാർ.

(സി) ഒന്നു മുതൽ 4 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പ്രതികൾ ഇപ്പോൾ കോടതിയുടെ ഉപാധികളോടെ ജാമ്യത്തിലാണ്. തിരിച്ചറിഞ്ഞവരിൽ 25 പ്രതികളെയും തിരിച്ചറിയാൻ ബാക്കിയുള്ള പ്രതികളെയും അറസ്റ്റ് ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരെയും ഒഴിവാക്കിയിട്ടില്ല.

(ഇ) ഈ ആക്രമണസംഘത്തിലെ ഗൂഢാലോചനക്കാരെ കണ്ടെത്തുന്നതിനും ബാക്കി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുമായി കേസുകളുടെ അന്വേഷണച്ചുമതല കാസർഗോഡ് ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടുണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

87 (88) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പുതിയതായി എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഒരു സ്കൂളിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന് എത്ര പണമാണ് പ്രതിവർഷം ചെലവഴിക്കേണ്ടി വരുന്നത്;

(സി) പദ്ധതിയിൽ പങ്കാളിയാകുന്ന സ്കൂൾ പി.ടി.എ.-കൾ ഇതിനായി പണം ചെലവഴിക്കേണ്ടതുണ്ടോ;

(ഡി) സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി സർക്കാർ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ഇ) ഇപ്പോൾ എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ 540 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. വ്യാപിപ്പിക്കുന്നകാര്യം വിശദമായി പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) നിലവിലെ കണക്കുപ്രകാരം 2,61,000 രൂപയാണ് ഒരു സ്കൂളിൽ പ്രതിവർഷം ചെലവഴിക്കുന്നത്.

(സി) പി.ടി.എ. ഫണ്ടിൽനിന്ന് പണം ചെലവഴിക്കേണ്ടതില്ലെങ്കിലും പ്രാരംഭ പ്രവർത്തനത്തിനുള്ള നടത്തിപ്പുചെലവുകൾ സ്കൂൾ അധികൃതർതന്നെ വഹിക്കും എന്ന നിബന്ധനയോടെയാണ് ഇപ്പോൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടത്തി വരുന്നത്.